**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 948** **18-09-2025 - ൽ മറുപടിയ്ക്ക്**

**പ്ലാൻ ഫണ്ടിൽ ഗണ്യമായ വെട്ടിക്കുറവ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. റോജി എം. ജോൺ | | ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | കഴിഞ്ഞ സാമ്പത്തിക വർഷം പ്ലാൻ ഫണ്ടിൽ ഗണ്യമായ വെട്ടിക്കുറവ് വരുത്തിയ സാഹചര്യത്തിൽ, എസ് .സി. വിഭാഗത്തിന് 10% വും എസ്. ടി. വിഭാഗത്തിന് രണ്ട് ശതമാനവും പദ്ധതി വിഹിതം നീക്കിവെക്കണമെന്ന ഭരണഘടനപരമായ ഉത്തരവാദിത്തം നിറവേറ്റവാൻ സാധിച്ചിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ; | (എ) | ജനസംഖ്യാനുപാതികമായി SCP/TSP വിഹിതം വകയിരുത്തണം എന്ന് ഭരണ ഘടന നിബന്ധന ഇല്ലെങ്കിലും കേരളത്തിൽ നയപരമായ തീരുമാന പ്രകാരം ജനസംഖ്യാനുപാതത്തേക്കാൾ ഉയർന്ന ശതമാനം ബജറ്റിൽ വകയിരുത്തുന്നുണ്ട് .<br><br>2011ലെ സെൻസസ് പ്രകാരം കേരളത്തിന്റെ ആകെ ജനസംഖ്യയുടെ 9.1 ശതമാനം വരുന്ന പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് ജനസംഖ്യാനുപാതികമായി ആകെ സംസ്ഥാന ബജറ്റിന്റെ 9.81 ശതമാനം തുകയാണ് വകയിരുത്തി വരുന്നത്.<br><br>കഴിഞ്ഞ സാമ്പത്തിക വർഷം സ്പെഷ്യൽ കമ്പോണന്റ് പ്ലാനിൽ 2979.40 കോടി രൂപയാണ് വകയിരുത്തിയത്. ടി തുകയുടെ 55 ശതമാനമായ 1638.10 കോടി രൂപ പട്ടികജാതി വികസന വകുപ്പും 45 ശതമാനം തുകയായ 1341.30 കോടി രൂപ തദ്ദേശസ്വയംഭരണ വകുപ്പുമാണ് നടപ്പിലാക്കുന്നത്.<br><br>2024-25 സാമ്പത്തിക വർഷം 1.45% പട്ടിക വർഗ്ഗക്കാരുടെ ഉന്നമനത്തിനായി ആകെ പദ്ധതി അടങ്കലിന്റെ 2.83% തുക പട്ടികവർഗ്ഗ ഉപപദ്ധതിയ്ക്ക് വകയിരുത്തിയിട്ടുണ്ട് . ആകെ പദ്ധതി അടങ്കൽ തുകയായ 30,370 കോടി രൂപയിൽ 859.50 കോടി രൂപ പട്ടികവർഗ്ഗ ഉപപദ്ധതിയിൽ (TSP) ലഭിച്ചിട്ടുണ്ട് . |
| (ബി) | കഴിഞ്ഞ സാമ്പത്തിക വർഷം എസ്. സി. വിഭാഗത്തിനായി ചെലവഴിച്ച പ്ലാൻ ഫണ്ടിന്റെയും എസ്. ടി. വിഭാഗത്തിനായി ചെലവഴിച്ച പ്ലാൻ ഫണ്ടിന്റെയും തുകകൾ ആകെ പദ്ധതി വിഹിതത്തിന്റെ എത്ര ശതമാനം ആയിരുന്നു എന്ന് വ്യക്തമാക്കുമോ; | (ബി) | കഴിഞ്ഞ സാമ്പത്തിക വർഷം പട്ടികജാതി വികസന വകുപ്പിന് വകയിരുത്തിയ പദ്ധതി വിഹിതമായ 1607.18 കോടി രൂപയിൽ 1331.06 കോടി (82.81%) രൂപ ചെലവഴിച്ചു .<br><br>തദ്ദേശസ്ഥാപനങ്ങൾ മുഖേന 1341.30 കോടി രൂപ SCP വിഹിതം വകയിരുത്തിയതിൽ 1141.25 കോടി രൂപ (85.1%) ചെലവഴിച്ചു. |

| | | | |
|---|---|---|---|
| | | | പട്ടികവർഗ്ഗ വികസന വകുപ്പ് 2024-25 സാമ്പത്തിക വർഷം TSP ഇനത്തിൽ 859.50 കോടി രൂപ വകയിരുത്തിയതിൽ 634.12 കോടി രൂപ ചെലവഴിച്ചിട്ടുണ്ട് . ആയത് ആകെ പദ്ധതി വിഹിതത്തിന്റ - 73.77 ശതമാനമാണ്.<br><br>തദ്ദേശസ്ഥാപനങ്ങൾ മുഖേന 201.55 കോടി രൂപ TSP വിഹിതം വകയിരുത്തിയതിൽ 171.61 കോടി രൂപ (85.14%) ചെലവഴിച്ചു. |
| (സി) | നടപ്പ സാമ്പത്തിക വർഷം നാളിതുവരെ എസ്. സി. വിഭാഗത്തിനായി ചെലവഴിച്ച പ്ലാൻ ഫണ്ടിന്റെയും എസ്. ടി. വിഭാഗത്തിനായി ചെലവഴിച്ച പ്ലാൻ ഫണ്ടിന്റെയും തുകകൾ ആകെ പദ്ധതി വിഹിതത്തിന്റെ എത്ര ശതമാനം ആണെന്നും വ്യക്തമാക്കുമോ? | (സി) | നടപ്പ് സാമ്പത്തിക വർഷം പട്ടികജാതി വികസന വകുപ്പിന് വകയിരുത്തിയ പദ്ധതി വിഹിതമായ 1712.60 കോടി രൂപയിൽ നാളിതുവരെ 587.02 കോടി (34.27%) രൂപ ചെലവഴിച്ചു.<br><br>2025-26 സാമ്പത്തിക വർഷം പട്ടികവർഗ്ഗ ഉപപദ്ധതിയിൽ ലഭിച്ച 920 കോടി രൂപയ്ക്ക് നാളിതുവരെ 206.24 കോടി രൂപ (22.41%) ചെലവഴിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ